LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. പ്രസാദ്: സർ, ഇപ്പോൾത്തന്നെ ഒരു വർഷം 15 ലക്ഷം തെങ്ങിൻ തൈകൾ വിതരണം ചെയ്യുന്നതിനുള്ള പരിപാടികളാണ് നടപ്പിലാക്കുന്നത്. West Coast Tall (WCT) എന്ന പേരിൽ അറിയപ്പെടുന്ന നമ്മുടെ നാട്ടിൽ കാണുന്ന സാധാരണയായുള്ള നീളമുള്ള തെങ്ങുകൾ, hybrid, dwarf ഈ ഇനങ്ങളെല്ലാം 60:20:20 എന്ന അനുപാതത്തിലാണ് വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്.

മി. സ്പീക്കർ: ഓർഡർ.... ഓർഡർ.... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

റോഡപകടങ്ങളിൽ കാൽനടയാത്രക്കാരുടെ മരണനിരക്ക്

5 (*245) ശ്രീ. സി. ആർ. മഹേഷ്:

ശ്രീ. എ. പി. അനിൽ കുമാർ:

ശ്രീ. എം. വിൻസെന്റ്:

ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡപകട മരണങ്ങളിൽ ഇരുപത്തിയെട്ട് ശതമാനം കാൽനട യാത്രക്കാരാണ് എന്ന് സർക്കാരിന്റെ പഠനങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇത് കുറയ്ക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വിശദമാക്കാമോ?

ഉണ്ട്. 2019-ലെ കണക്കുകൾ പ്രകാരം ആകെയുള്ള വാഹനാപകടമരണങ്ങളിൽ 28% കാൽനടയാത്രക്കാരാണ് മരണപ്പെട്ടിട്ടുള്ളത്. 2018 മുതൽ 2021 വരെയുള്ള കാലയളവ് പരിശോധിച്ചാൽ കാൽനടയാത്രക്കാരുടെ അപകട മരണങ്ങൾ 2018-ൽ ആകെ റോഡപകട മരണങ്ങളുടെ 29% ആയിരുന്നത് 2021 ആയപ്പോഴേയ്ക്കും 23% ആയി കുറഞ്ഞിട്ടുണ്ട്.

	ജൂൺമാസം വരെ		
വർഷം	ആകെ അപകട മരണം	കാൽനട യാത്രക്കാരുടെ മരണം	കാൽനട യാത്രികരുടെ മരണ നിരക്ക്
2018	4303	1250	29.0%
2019	4440	1257	28.3%
2020	2979	738	24.8%
2021	1719	394	22.9%

കാൽനടയാത്ര സുരക്ഷിതമാക്കുന്നതിനായി കേരള റോഡ് സുരക്ഷാ അതോറിറ്റി ഫണ്ടുകൾ അനുവദിച്ച് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളതാണ് :

1. 50 സ്കൂൾ മേഖലകളിൽ സുരക്ഷിത സ്കൂൾ മേഖല നിർമ്മാണം.
2. കാൽനടയാത്ര സുരക്ഷിതമാക്കാൻ കഴിയുന്ന പെലിക്കൻ ക്രോസിംഗ് സിഗ്നലുകൾ.
3. ടേബിൾ ടോപ്പ് ക്രോസിംഗുകൾ.
4. ഫുട്പാത്തും ഹാൻഡ്റെയ് ലുകളും.
5. ബ്ലാക്ക് സ്പോട്ട് ലൊക്കേഷനുകളിൽ കാൽ നടയാത്രക്കാർക്കുള്ള സൗകര്യങ്ങൾ.
6. റോഡ് സുരക്ഷാ ബോധവൽക്കരണം

ഗതാഗത വകുപ്പും പൊതുവിദ്യാഭാസ വകുപ്പും സംയുക്തമായി വിദ്യാർത്ഥികൾക്ക് റോഡ് സുരക്ഷാ അവബോധം നൽകുന്നതിനായി പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) പാതയോരങ്ങളിൽ ആവശ്യമുള്ള വെളിച്ചമില്ലാത്തതുമൂലമാണ് ഭൂരിഭാഗം കാൽനട യാത്രക്കാരും മരിക്കുന്നത് എന്ന കണ്ടെത്തൽ ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ആകെ കാൽനടയാത്രക്കാരുടെ മരണങ്ങളിൽ മൂന്നിൽ ഒന്ന് ഭാഗം രാത്രി കാലങ്ങളിൽ നടക്കുന്നതായാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. ശരിയായ തെരുവു വിളക്കുകളുടെ അഭാവമാണ് പ്രധാന പ്രശ്നങ്ങളിലൊന്ന്. രാത്രികാല റോഡ് സുരക്ഷ മെച്ചപ്പെടുത്തുന്നതിന് പ്രകാശ സാന്ദ്രത (Lux) അടിസ്ഥാനമാക്കി തെരുവുവിളക്കുകൾ സ്ഥാപിക്കുന്നത് വളരെ അത്യാവശ്യമാണ്. ഇത് NHAI-യുടെ നാല്/ആറ് വരി പാതകളിലും സുരക്ഷിത ഇടനാഴി പദ്ധതികളിലും പുതിയതായി നിർമ്മിക്കുന്ന റോഡുകളിലും നടപ്പിലാക്കിവരുന്നു.

(സി) സംസ്ഥാനത്തെ റോഡുകളിലെ അപകട മേഖലകൾ അടയാളപ്പെടുത്തിക്കഴിഞ്ഞതിനാൽ ഈ സ്ഥലങ്ങളിൽ അപകടം ആവർത്തിക്കാതിരിക്കാൻ പ്രത്യേക ജാഗ്രത പുലർത്തുന്നുണ്ടോ; ഇതിനായി എന്തെങ്കിലും പ്രത്യേക പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

കഴിഞ്ഞ 3 വർഷങ്ങളിൽ ഏറ്റവും കൂടുതൽ അപകടമരണങ്ങൾ സംഭവിക്കുന്ന സ്ഥലങ്ങൾ (ബ്ലാക്ക്സ്പോട്ട്) കണ്ടെത്തി അപാകതകൾ പരിഹരിച്ച് സുരക്ഷിതമാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. കേരള റോഡ് സുരക്ഷാ അതോറിറ്റി ഫണ്ട് പയോഗിച്ച് പൊതുമരാമത്ത് റോഡുകളിലെ 95 മുൻഗണന ബ്ലാക്ക്സ്പോട്ടുകളിൽ അപാകത പരിഹരിക്കാൻ അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതുകൂടാതെ 25 അതിതീവ്ര ബ്ലാക്ക്സ്പോട്ടുകളിൽ സ്ഥിരമായ അപാകത മാറ്റൽ യുദ്ധകാലാടി സ്ഥാനത്തിൽ നടപ്പിലാക്കാൻ കേരള റോഡ് സുരക്ഷാ ഫണ്ടിൽനിന്നും 19.85 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

പച്ചക്കറി സംഭരണം

6 (*246) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചക്കറികളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി പച്ചക്കറികൾക്ക് താങ്ങുവില പ്രഖ്യാപിച്ചിട്ടുണ്ടോ?

ഉണ്ട്. കാർഷികോല്പന്നങ്ങൾക്ക് വിലസ്ഥിരതയും ന്യായവിലയും ഉറപ്പാക്കുന്നതിനും അതിലൂടെ പച്ചക്കറികളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുമായി 26-10-2020-ലെ G.O.(Ms) 80/2020/Agri നമ്പർ ഉത്തരവ് പ്രകാരം "കേരള ഫാം ഫ്രഷ് ഫ്രൂട്ട്സ് ആൻഡ് വെജിറ്റബിൾസ്" എന്ന പേരിൽ അടിസ്ഥാന വില പ്രഖ്യാപിച്ചുകൊണ്ടുള്ള പദ്ധതി 2020 നവംബർ 1-ന് പ്രാബല്യത്തിൽ വന്നിട്ടുണ്ട്.